**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4283** **28-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി കോളനികളുടെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016-ന് ശേഷം നിലമ്പൂർ മണ്ഡലത്തിലെ എത്ര ആദിവാസി കോളനികളിലാണ് വൈദ്യുതി എത്തിക്കാനായതെന്നും കോളനികളുടെ പേരും ചെലവഴിച്ച തുകയും വൈദ്യുതി എത്തിച്ച മാർഗവും അടക്കമുള്ള വിവരങ്ങളും ലഭ്യമാക്കാമോ; | (എ) | 2016-ന് ശേഷം നിലമ്പൂർ മണ്ഡലത്തിലെ പുഞ്ചകൊല്ലി, അളക്കൽ, മുണ്ടക്കടവ്, ഉച്ചക്കടവ് കോളനി എന്നീ നാലു കോളനികളിലേക്ക് വൈദ്യുതി എത്തിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | നിലമ്പൂർ മണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര ആദിവാസി കോളനികളുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ മണ്ഡലത്തിൽ KSEBL ന്റെ കണക്കു പ്രകാരം 6 കോളനികളാണ് (വാണിയാമ്പുഴ, വട്ടിക്കല്ല്, മൻച്ചീരി, കുമ്പളപ്പാറ, മുണ്ടൻകടവ്, തണ്ടംകല്ല്) വൈദ്യുതീകരിക്കാ നുള്ളത്. ഇതിൽ നേരത്തെ വൈദ്യുതീകരിച്ചതും പിന്നീട് പ്രളയത്തിൽ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്കുൾപ്പെടെ നാശനഷ്ടം സംഭവിച്ചതും പ്രളയത്തിനു ശേഷം ആൾതാമസം ഇല്ലാത്തതുമായ മുണ്ടൻകടവ്, ആൾ താമസം ഇല്ലാത്ത തണ്ടംകല്ല് എന്നീ കോളനികളും ഉൾപ്പെടുന്നു. വാണിയാമ്പുഴ കോളനി വൈദ്യുതീകരിക്കാൻ 33,85,973 രൂപയുടെയും കുമ്പളപ്പാറ കോളനി വൈദ്യുതീകരിക്കാൻ 97,39,415 രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റു രണ്ടു കോളനികളായ വട്ടിക്കല്ല്, മൻച്ചീരി എന്നീ കോളനികൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളാ യതിനാൽ സോളാർ ഉപയോഗിച്ചുള്ള വൈദ്യുതീകരണം ആണ് നിർദേശിച്ചിരിക്കുന്നത്. ഈ കോളനികൾ ഉൾപ്പെടെയുള്ള 64 പട്ടിക വർഗ്ഗ കോളനികളുടെ ലിസ്റ്റ് പട്ടിക വർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവികസനവകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്. ആദിവാസി കോളനികളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിനു വേണ്ടി, നെറ്റ്‌വർക്ക് കണക്ടിവിറ്റി ഉറപ്പാക്കാൻ KSEBL-ന്റെ ആദിവാസി കോളനികളിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്റിൽ കൂടി കേബിൾ |

| | | | |
|---|---|---|---|
| | | | വലിക്കുന്നതിനു നെറ്റ് വർക്ക് ഓപ്പറേറ്റർമാർക്ക് വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കോളനികളുടെ വൈദ്യുതീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ; | (സി) | നിലമ്പൂർ മണ്ഡലത്തിൽ KSEBL ന്റെ കണക്കു പ്രകാരം 6 കോളനികളാണ് (വാണിയാമ്പുഴ, വട്ടിക്കല്ല്, മൻച്ചീരി, കുമ്പളപ്പാറ, മുണ്ടൻകടവ്, തണ്ടംകല്ല്) വൈദ്യുതീകരിക്കാ നുള്ളത്. ഇതിൽ നേരത്തെ വൈദ്യുതീകരിച്ചതും പിന്നീട് പ്രളയത്തിൽ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്കുൾപ്പെടെ നാശനഷ്ടം സംഭവിച്ചതും പ്രളയത്തിനു ശേഷം ആൾതാമസം ഇല്ലാത്തതുമായ മുണ്ടൻകടവ്, ആൾ താമസം ഇല്ലാത്ത തണ്ടംകല്ല് എന്നീ കോളനികളും ഉൾപ്പെടുന്നു. വാണിയാമ്പുഴ കോളനി വൈദ്യുതീകരിക്കാൻ 33,85,973 രൂപയുടെയും കുമ്പളപ്പാറ കോളനി വൈദ്യുതീകരിക്കാൻ 97,39,415 രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റു രണ്ടു കോളനികളായ വട്ടിക്കല്ല്, മൻച്ചീരി എന്നീ കോളനികൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളാ യതിനാൽ സോളാർ ഉപയോഗിച്ചുള്ള വൈദ്യുതീകരണം ആണ് നിർദേശിച്ചിരിക്കുന്നത്. ഈ കോളനികൾ ഉൾപ്പെടെയുള്ള 64 പട്ടിക വർഗ്ഗ കോളനികളുടെ ലിസ്റ്റ് പട്ടിക വർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവികസനവകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്. ആദിവാസി കോളനികളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിനു വേണ്ടി, നെറ്റ്‌വർക്ക് കണക്ടിവിറ്റി ഉറപ്പാക്കാൻ KSEBL-ന്റെ ആദിവാസി കോളനികളിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്റിൽ കൂടി കേബിൾ വലിക്കുന്നതിനു നെറ്റ് വർക്ക് ഓപ്പറേറ്റർമാർക്ക് വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ ആദിവാസി കോളനികളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കാൻ വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി ഏതെങ്കിലും ആദിവാസി കോളനികളിലേക്ക് പുതുതായി വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | നിലമ്പൂർ മണ്ഡലത്തിൽ KSEBL ന്റെ കണക്കു പ്രകാരം 6 കോളനികളാണ് (വാണിയാമ്പുഴ, വട്ടിക്കല്ല്, മൻച്ചീരി, കുമ്പളപ്പാറ, മുണ്ടൻകടവ്, തണ്ടംകല്ല്) വൈദ്യുതീകരിക്കാ നുള്ളത്. ഇതിൽ നേരത്തെ വൈദ്യുതീകരിച്ചതും പിന്നീട് പ്രളയത്തിൽ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്കുൾപ്പെടെ നാശനഷ്ടം സംഭവിച്ചതും പ്രളയത്തിനു ശേഷം ആൾതാമസം ഇല്ലാത്തതുമായ മുണ്ടൻകടവ്, ആൾ താമസം ഇല്ലാത്ത തണ്ടംകല്ല് എന്നീ കോളനികളും ഉൾപ്പെടുന്നു. വാണിയാമ്പുഴ കോളനി വൈദ്യുതീകരിക്കാൻ 33,85,973 രൂപയുടെയും കുമ്പളപ്പാറ കോളനി വൈദ്യുതീകരിക്കാൻ 97,39,415 രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റു |

| | | | |
|---|---|---|---|
| | | | രണ്ടു കോളനികളായ വട്ടിക്കല്ല്, മൻച്ചീരി എന്നീ കോളനികൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളാ യതിനാൽ സോളാർ ഉപയോഗിച്ചുള്ള വൈദ്യുതീകരണം ആണ് നിർദേശിച്ചിരിക്കുന്നത്. ഈ കോളനികൾ ഉൾപ്പെടെയുള്ള 64 പട്ടിക വർഗ്ഗ കോളനികളുടെ ലിസ്റ്റ് പട്ടിക വർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവികസനവകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്. ആദിവാസി കോളനികളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിനു വേണ്ടി, നെറ്റ്‌വർക്ക് കണക്ടിവിറ്റി ഉറപ്പാക്കാൻ KSEBL-ന്റെ ആദിവാസി കോളനികളിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്റിൽ കൂടി കേബിൾ വലിക്കുന്നതിനു നെറ്റ് വർക്ക് ഓപ്പറേറ്റർമാർക്ക് വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| കോളനികളുടെ പേര് | ചെലവഴിച്ച തുക (രൂപയിൽ) | ചെയ്ത പ്രവൃത്തി | Remarks |
|---|---|---|---|
| പുഞ്ചകൊല്ലി | 90,57,634 | SC/ST ഫണ്ട് ഉപയോഗിച്ച് 11 KV UG cable, ഒരു ട്രാൻസ്ഫോർമർ, എൽ .ടി ലൈൻ എന്നിവ നിർമ്മിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത് | |
| അളക്കൽ | 1,10,67,960 | SC/ST ഫണ്ട് ഉപയോഗിച്ച് 11 KV UG cable, ഒരു ട്രാൻസ്ഫോർമർ, എൽ .ടി ലൈൻ എന്നിവ നിർമ്മിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത് | |
| മുണ്ടക്കടവ് | 82,25,350 | SC/ST ഫണ്ട് ഉപയോഗിച്ച് 11 KV UG cable, ഒരു ട്രാൻസ്ഫോർമർ, എൽ .ടി ലൈൻ എന്നിവ നിർമ്മിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത് | 2018 ലെ പ്രളയത്തിനു ശേഷം ഈ കോളനി വാസയോഗ്യമല്ലെന്നു റവന്യൂ അധികാ രികൾ അറിയി ച്ചിട്ടുണ്ട്. അതോടൊപ്പം പ്രളയത്തിൽ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ നഷ്ടപ്പെട്ടു കയും ചെയ്തിട്ടുണ്ട് |
| ഉച്ചക്കടവ് | 40,07,314 | DDUGJY പദ്ധതിയിൽ എൽ ടി.ലൈൻ വലിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത് | |